ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

ചോമ്പാൽ മത്സ്യബന്ധന തുറമുഖ വികസനം

171 (6089) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചോമ്പാൽ മത്സ്യബന്ധന തുറമുഖ വികസനത്തിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

ചോമ്പാൽ മത്സ്യബന്ധന തുറമുഖ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(എ) സുനാമി പുനരധിവാസപദ്ധതിയിൽ ഉൾപ്പെടുത്തി ചോമ്പാൽ തുറമുഖത്തെ ബേസിനകത്തെയും അപ്രോച്ച് ചാനലിലെയും മണ്ണ് മാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) ലേലപ്പുരയുടെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചു.

(സി) തുറമുഖത്തോടനുബന്ധിച്ചുള്ള സുധാസദൻ മുക്ക്-ചോമ്പാൽ ഹാർബർ റോഡിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(ഡി) തുറമുഖത്തേക്കുള്ള അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

(ഇ) തുറമുഖത്തെ ഫ്ളഡ് ലൈറ്റുകളുടെയും ട്യൂബുലർ പോസ്റ്റിന്റെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

(എഫ്) ലേല പ്ലാറ്റ്ഫോമിന് മുമ്പിലുള്ള പാർക്കിംഗ് ഏരിയായുടെ നിർമ്മാണം പൂർത്തീകരിച്ചു.

(ജി) അപ്രോച്ച് റോഡ് നവീകരിക്കുന്നതിന് 'തീരദേശ റോഡുകളുടെ നവീകരണം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 49 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിന് നടപടി

172 (6090) ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ശ്രീ. എം. കെ. പുരുഷോത്തമൻ:
ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മത്സ്യബന്ധന തുറമുഖങ്ങളുടെ രൂപകല്പന, നിർമ്മാണം, സംരക്ഷണം, അറ്റകുറ്റപ്പണികൾ, ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണവും സംരക്ഷണവും, തീരദേശ റോഡുകളുടെ പുനരുദ്ധാരണം എന്നിവ നടപ്പാക്കിവരുന്നു.

കൂടാതെ, തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ മത്സ്യബന്ധന മേഖലയിൽ തീരദേശ വികസന കോർപ്പറേഷൻ രൂപീകരിക്കുകയും കോർപ്പറേഷൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷൻ തീരദേശ വികസനത്തിനുള്ള പദ്ധതികൾ ഏറ്റെടുത്ത് തുടങ്ങിയിട്ടുണ്ട്. അതിൽ പ്രധാനം സംയോജിത തീരദേശ വികസന പദ്ധതിയാണ്. പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിലും തൃശ്ശൂർ ജില്ലയിലും പദ്ധതി പുരോഗമിക്കുന്നു. ആലപ്പുഴ, എറണാകുളം ജില്ലകളിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

വ്യാജ ലൈസൻസുകൾ

173 (6091) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിന് മാത്രമായിരിക്കണമെന്ന നയം പ്രാവർത്തികമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മത്സ്യത്തൊഴിലാളികളുടെ പേരിൽ മറ്റു വിഭാഗത്തിലുള്ളവർ വ്യാജമായി മത്സ്യബന്ധനത്തിനുള്ള ഉരുക്കൾക്ക് ലൈസൻസ് നേടുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇത്തരം വ്യാജ ലൈസൻസുകൾ കണ്ടെത്താനും അവ റദ്ദ് ചെയ്യുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) വ്യവസ്ഥകൾ കർശനമായി പാലിക്കുന്നു എന്നുറപ്പ് വരുത്താൻ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ;

(ഇ) മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നല്ലാതെ തീര മത്സ്യബന്ധനത്തിന് ഉരുക്കൾക്ക് നൽകിയിരുന്ന നിലവിലുള്ള ലൈസൻസുകളുടെ കാലാവധി ഒരുകാരണവശാലും ദീർഘിപ്പിക്കില്ല എന്നുറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly